**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5400** **21-03-2025 - ൽ മറുപടിയ്ക്ക്**

**കന്നുകാലി ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് പണം അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (എ) | കന്നുകാലി സെൻസസിന്റെ അടിസ്ഥാനത്തിൽ ഓരൊ ജില്ലയിലെയും കന്നുകാലികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഗോസമൃദ്ധി എൻ.എൽ.എം കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ പണം അനുവദിക്കുന്നത്. |
| (ബി) | നിലവിൽ അനുവദിക്കുന്ന തുക ഓരോ മൃഗാശുപത്രിക്കും കീഴിലുള്ള കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2019 ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 1341996 പശു/കാളകളും 101504 എരുമ/പോത്തുകളുമാണ് ഉള്ളത്. കണക്കുകൾ പരിശോധിക്കുമ്പോൾ ഏകദേശം 649575 ഉരുക്കളാണ് പ്രജനനയോഗ്യമായിട്ടുള്ളത്. ഇത്രയും കന്നുകാലികളെ ഒരു വർഷത്തേക്ക് ഇൻഷ്വർ ചെയ്യുന്നതിന് നിലവിലെ നിരക്കുകൾ പ്രകാരം 1891562400/- രൂപയാണ് (18916 ലക്ഷം രൂപ) ആകുന്നത്. 50 % സർക്കാർ സബ്സിഡി കണക്കാക്കിയാൽ പോലും 945781200 രൂപ (9458 ലക്ഷം രൂപ) സർക്കാർ കണ്ടെത്തേണ്ടി വരും.<br><br>കേന്ദ്രസർക്കാരിന്റെ പുതുക്കിയ എൻ. എൽ.എം. മാർഗരേഖ അനുസരിച്ച് എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും ഇൻഷ്വറൻസ് പ്രീമിയം നിരക്കിന്റെ 85% സർക്കാർ സബ്സിഡി നൽകണമെന്നാണ്. അങ്ങനെ നോക്കുമ്പോൾ 1607828040 രൂപ (16079 ലക്ഷം രൂപ) സർക്കാർ കണ്ടെത്തേണ്ടിവരും.<br><br>കൂടാതെ 2024-25 വർഷത്തെ എൻ എൽ എം കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി 1.33 ലക്ഷം കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് വകുപ്പിൽ നിന്നും പ്രൊപോസൽ നൽകിയിരുന്നു. ആയതിൽ 1,66,26,06,250 രൂപയാണ് സബ്സിഡി |

| | | | |
|---|---|---|---|
| | | | ഇനത്തിൽ കണ്ടെത്തേണ്ടിവരുന്നത്. ഇതിൽ 65,21,62,500 രൂപ സംസ്ഥാന സർക്കാർ കണ്ടെത്തണം. നിലവിൽ വകുപ്പിന് മൊത്തമായി ലഭിക്കുന്ന ബഡ്ജറ്റ് വിഹിതം 140 കോടി രൂപ മാത്രമാണ്. അതിനാൽ സംസ്ഥാനത്തെ എല്ലാ കന്നുകാലികളെയും സർക്കാർ സബ്സിഡിയോടെ ഇൻഷ്വർ ചെയുക എന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ